**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
അമ്പലവയൽ, വയനാട് – 673 593
കേരള കാർഷിക സർവകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇ മെയിൽ: rarsamb@kau.in / adramb@kau.in

നമ്പർ. E.1621/2021 തീയതി. 19.09.22

## ടെൻഡർ നോട്ടീസ്

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് പൂക്കോട് വെറ്റിനറി കോളേജിൽ നിന്നും ചാണകം അടിക്കുന്നതിനും കോളേജ് ഗ്രൗണ്ട് നവീകരണ ജോലിക്ക് മണ്ണ് നീക്കിയിടാനും ടിപ്പറുകൾ അത്യാവശ്യമാണ്. ആയതിനാൽ വിവിധ ആവശ്യങ്ങൾക്കായി ഒരു വർഷത്തേയ്ക്ക് ടിപ്പർ അളവ് , അടി (150, 200 ASn) വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 1621 /2021 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | **10.10.2022, 11.00 am** |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | **10.10.2022 11.30 am** |
| നിരത ദ്രവ്യം (EMD) | **2000/- രൂപ** |
| ടെൻഡർ കാലാവധി | **ഒരു വർഷം** |
| ടെൻഡർ വില | **472/ (400+ ജി.എസ്.റ്റി 18%)** |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയൽ, വയനാട്, പിൻകോഡ്-673 593 |
| പുറത്തെഴുത്ത്: **ടിപ്പർ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ** | |

- ടിപ്പർ ലോറികൾ ഉപയോഗിച്ച് ഫാമിനകത്ത് ജോലി ചെയ്യുന്നതിന് **ഒരു ദിവസത്തേയ്ക്കുള്ള** മിനിമം വാടകയും, ഫാമിന് പുറത്തുള്ള ഓട്ടത്തിന് **ഒരു കിലോ മീറ്ററിനുള്ള** വാടകയും വെവ്വേറെ രേഖപ്പെടുത്തിയ ടെൻഡർ (ഇതിൽ ഡ്രൈവറുടെ കൂലി, ഇന്ധനം, റിപ്പയർ, ടാക്സ് മുതലായവ ടെൻഡർ ലഭിക്കുന്ന വ്യക്തി വഹിക്കേണ്ടതാണ്) മേൽ സൂചിപ്പിച്ച വിലാസത്തിൽ അയയ്ക്കേണ്ടതോ, എത്തിയ്ക്കേണ്ടതോ ആണ്.
- കെ.എ.യു.വെബ് സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം.
- ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിച്ചിരിക്കേണ്ടതാണ്.
- ടെൻഡറിനോടൊപ്പം 2000/- രൂപയുടെ നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ടെൻഡറുകൾ അന്നേ ദിവസം 11.40 മണിയ്ക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ ടെൻഡർ തുകയുടെ 3% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.
- വിജയിയായ ടെൻഡറുകാരൻ ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും, സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലെ മറ്റു വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതാണ്.

- ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.
- ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
- ജോലിയ്ക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റേതു മാത്രമായിരിക്കും. ജോലയ്ക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- സർക്കാരിന്റെ ടെൻഡറിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.
- ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 11 മണി വരെ ടെൻഡർ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതും ആണ്.
- നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
- കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

നോട്ടീസ് ബോർഡ് ഓഫീസ്/ഫാം
പകർപ്പ് : ശ്രീ. ജെയ്മോൻ കെ.സി, ഫാം സൂപ്രണ്ട്
വില്ലേജ് ഓഫീസ് / പഞ്ചായത്ത്/വിതരണത്തിന്
വെബ്സൈറ്റ്